കേരള സർക്കാർ

സംഗ്രഹം

പങ്കാളിത്ത പെൻഷൻ പദ്ധതി - 01.04.2013 നോ അതിന് ശേഷമോ അന്തർ വകുപ്പ് സ്ഥലം മാറ്റം മുഖേനയോ ബൈ-ട്രാൻസ്ഫർ/ബൈ-പ്രൊമോഷൻ മുഖേനയോ സമാനമായതോ അല്ലാത്തതോ ആയ മറ്റൊരു തസ്തികയിൽ നിയമിക്കപ്പെടുന്ന ജീവനക്കാരെ ഓപ്ഷൻ ഫോം സമർപ്പിക്കാതെ തന്നെ കെ.എസ്.ആർ ഭാഗം III പെൻഷനിൽ തുടരാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ (പി) നം.**25/2019/**ധന. തിരുവനന്തപുരം, തീയതി, **07/03/2019**

പരാമർശം:- (1) സ.ഉ (പി) നം. 20/2013/ധന. തീയതി, 07.01.2013
(2) സ.ഉ (പി) നം. 209/2013/ധന. തീയതി, 07.05.2013
(3) സ.ഉ (പി) നം.279/2014/ധന. തീയതി, 14.07.2014
(4) സർക്കുലർ നമ്പർ 65/2015/ധന. തീയതി, 04.07.2015
(5) സ.ഉ (പി) നം.142/2018/ധന. തീയതി, 10.09.2018

ഉത്തരവ്

01.04.2013 ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന കെ.എസ്.ആർ ഭാഗം III പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്ന വിഭാഗങ്ങളിൽ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും,01.04.2013 ന് മുൻപ് സംസ്ഥാനത്തെ സർക്കാർ വകുപ്പിൽ ഏതെങ്കിലും തസ്തികയിൽ നിയമിക്കപ്പെട്ടുകയും തുടർന്ന് 01.04.2013 ന് ശേഷം മറ്റൊരു വകുപ്പിൽ നിയമനം ലഭിക്കുന്നവർക്കും, 01.04.2013 ന് മുൻപ് കെ.എസ്.ആർ ഭാഗം III പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമായിരിക്കുന്ന സർക്കാർ/പൊതുമേഖല/എയ്ഡഡ്/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പിന്നീട് പുതിയ ജോലിയിൽ പ്രവേശിക്കുന്ന സമയത്തും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ച കൊണ്ട് പരാമർശം (2), (3) ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

2) 01.04.2013 ന് മുൻപ് സംസ്ഥാന സർക്കാർ സർവ്വീസിൽ സ്ഥിരം തസ്തികയിൽ നിയമിക്കപ്പെട്ടിരിക്കുന്നതും 01.04.2013 നോ അതിന് ശേഷമോ അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി മറ്റൊരു വകുപ്പിൽ സമാന തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർ കെ.എസ്.ആർ ഭാഗം III പെൻഷൻ തുടരുന്നതിനായി ഓപ്ഷൻ ഫോം സമർപ്പിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് ജീവനക്കാർക്കിടയിൽ ആശയക്കുഴപ്പം നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിരിക്കുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും 01/04/2013 ന് മുൻപ് കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതി ബാധകമായിരിക്കുന്ന വിഭാഗങ്ങളിൽ സേവനത്തിലിരിക്കെ 01/04/2013 നോ അതിന് ശേഷമോ പി.എസ്.സി - യുടെ പുതിയ നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ വീണ്ടും സേവനത്തിൽ പ്രവേശിക്കുന്നവർക്ക് മാത്രമാണ് പരാമർശം(2),(3),(5) ഉത്തരവുകൾ ബാധകമാവുക എന്നതിനാൽ 01/04/2013 ന് മുൻപ് സർവ്വീസിൽ പ്രവേശിക്കുകയും അന്തർവകുപ്പ് സ്ഥലംമാറ്റം, അന്തർവകുപ്പ് (Mutual) സ്ഥലംമാറ്റം, കെ.എസ്.ആർ ഭാഗം III പെൻഷന്റെ പരിധിയിലിരിക്കെയുള്ള ബൈ ട്രാൻസ്ഫർ നിയമനം, ബൈ ട്രാൻസ്ഫർ സ്ഥാനക്കയറ്റം, അന്തർ ജില്ലാ സ്ഥലമാറ്റം എന്നിവ വഴി 01/04/2013 ന് ശേഷം നിയമനം ലഭിക്കുന്ന ജീവനക്കാർ കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതിയിൽ തുടരുന്നതിനായി ഓപ്ഷൻ ഫോം സമർപ്പിക്കേണ്ടതില്ല എന്നത്തരവാകുന്നു. പ്രസ്തുത ജീവനക്കാർ പരാമർശം (4) സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് പുതിയ ജോലിയിൽ പ്രവേശിച്ചിരിക്കുന്നത് എന്ന കാര്യം നിയമനാധികാരി പരിശോധിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ സേവനപുസ്തകത്തിൽ വരുത്തേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.രാജശ്രീ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1. അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. സംസ്ഥാനത്തെ എല്ലാ വകുപ്പ് തലവന്മാർക്ക്/നിയമനാധികാരികൾക്ക്.
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
6. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
7. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
8. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്
9. നോഡൽ ഓഫീസർ, www.finance.kerala.gov.in
10. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ